പതിനാലാം കേരള നിയമസഭ

പതിനെട്ടാംപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2069 — 11.03.2020-ലെ മറുപടിക്ക്

## ട്രഷറി നിയന്ത്രണം

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. എ.പി. അനിൽ കുമാർ | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പമന്ത്രി |
|---|---|---|
| (എ) | സംസ്ഥാനത്ത് മാസങ്ങളായി തുടരുന്ന ട്രഷറി നിയന്ത്രണം മൂലം ചെറിയ തുകയ്ക്കുള്ള ബില്ലുകൾ പോലും മാറാനാകാതെ പല വകുപ്പുകളുടെയും, സ്ഥാപനങ്ങളുടെയും ദൈനംദിന പ്രവർത്തനം പോലും സ്തംഭിച്ച സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; | സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനവും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ വാഗ്ദാനം ചെയ്ത നഷ്ടപരിഹാരം ലഭ്യമാക്കുന്നത് അകാരണമായി വൈകിപ്പിക്കുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ടി പ്രതികൂല സാഹചര്യത്തിലും 15.01.2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5,00,000 രൂപ വരെയുള്ള ബില്ലുകൾ മാറി നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിരുന്നു. കൂടാതെ അഞ്ച് ലക്ഷത്തിന് മുകളിലുള്ള കോൺട്രാക്ടർ / വിതരണക്കാർക്കുള്ള ബില്ലുകൾ ബി.ഡി.എസ് വഴി മാറ്റുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബി വഴി നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ മുമ്പൊരുകാലത്തും നടക്കാത്തത്ര പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്. |
| (ബി) | അൻപതിനായിരത്തിനും അഞ്ച് ലക്ഷത്തിനും ഇടക്കുള്ള ബില്ലുകൾ മാറ്റുന്നതിനുള്ള 33 അവശ്യ ഇനങ്ങളുടെ പട്ടിക 23 ആയി ചുരുക്കിയിട്ടുണ്ടോ; ഏതൊക്കെ ഇനങ്ങളിലുള്ള ബില്ലുകളാണ് മാറി നൽകുന്നതെന്ന് അറിയിക്കാമോ; | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് |

| | | |
|---|---|---|
| | | മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. |
| (സി) | ജി.എസ്.ടി നഷ്ടപരിഹാരമായി സംസ്ഥാന സർക്കാരിന് ലഭിക്കുവാനുള്ള കുടിശ്ശികയിൽ ഇതിനകം എത്രമാസം വരെയുള്ള കുടിശ്ശികകൾ കേന്ദ്രത്തിൽ നിന്നും ലഭിച്ചു; ശേഷിക്കുന്നത് എന്ത് തുകയാണ്; | സംസ്ഥാന സർക്കാരിന് ലഭിക്കുവാനുള്ള കുടിശ്ശികയിൽ 2019 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ജി.എസ്.ടി നഷ്ടപരിഹാരം പൂർണ്ണമായി ലഭിച്ചിരുന്നു. 2019 ഒക്ടോബർ മാസം മുതൽ 2020 ജനുവരി വരെയുള്ള മൂവായിരം കോടിക്ക് മുകളിൽ പ്രതീക്ഷിക്കുന്ന ജി.എസ്.ടി. നഷ്ടപരിഹാരത്തിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ജി.എസ്.ടി. നഷ്ടപരിഹാര കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും യാതൊരുവിധ ഉറപ്പും ലഭിച്ചിട്ടില്ല. |
| (ഡി) | ജി.എസ്.ടി. നഷ്ടപരിഹാരമായി സംസ്ഥാന സർക്കാരിന് ലഭിക്കുവാനുള്ള കുടിശ്ശിക തുക നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ